സിനിമാ തിയേറ്റർ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചു കൊണ്ടുള്ള ഗവൺമെൻറ് ഉത്തരവ്

55 [2924] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ തിയേറ്റർ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 2000-ൽ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിൻെറ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) പ്രസ്തുത ഉത്തരവുമായി ബന്ധപ്പെട്ട് ഇറക്കിയ വിശദീകരണക്കുറിപ്പിൽ വിജ്ഞാപനം, കേരള ഹൈക്കോടതിക്ക് മുമ്പാകെയുള്ള റിട്ട് അപ്പീൽ വിധിക്ക് വിധേയമായിട്ടായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; റിട്ട് അപ്പീൽ വിധി വന്നിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കി കിട്ടുന്നതിനായി ഗവൺമെൻറ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിജ്ഞാപനത്തിൻെറ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രസ്തുത ഉത്തരവുമായി ബന്ധപ്പെട്ട് ഇറക്കിയ വിശദീകരണക്കുറിപ്പിൽ, വിജ്ഞാപനം, കേരള ഹൈക്കോടതി മുമ്പാകെ നിലവിലുള്ള റിട്ട് അപ്പീൽ നമ്പർ റിട്ട്-3-1421/92-ലെ വിധിക്ക് വിധേയമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് പ്രസ്തുത റിട്ട് അപ്പീൽ തള്ളിക്കൊണ്ട് ഹൈക്കോടതി വിധിയായിട്ടുണ്ട്.

(സി) 2-12-2000-ലെ മിനിമം വേതന വിജ്ഞാപനം റദ്ദു ചെയ്തുകൊണ്ടുള്ള മറെറാരു കേസ്സിലെ 14-8-2003-ലെ ഹൈക്കോടതിവിധിക്കെതിരെ 12-5-2004-ന് 1008/2004 നമ്പരായി സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അതിൻമേൽ വിധിയായിട്ടില്ല.

അന്യ സംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽ തേടി വരുന്നവരുടെ എണ്ണം

56 [2925] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മറെറ സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ തേടിയെത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ മേഖലകളിലാണ് അന്യ സംസ്ഥാന ജോലിക്കാർ വർദ്ധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പുറത്തുനിന്നുള്ള തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുകയോ, രജിസ്ട്രേഷൻ നടത്തുകയോ ചെയ്തിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്യ സംസ്ഥാനങ്ങളിലെ തൊഴിലാളികൾ കേരളത്തിൽ വരുകുന്നതുവഴി ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിട, റോഡ് നിർമ്മാണ മേഖലകളിലും തടിമില്ലുകൾ, ധാന്യ മില്ലുകൾ, ഇഷ്ടിക കളങ്ങൾ തുടങ്ങിയ മേഖലയിലുമാണ് അന്യ സംസ്ഥാന ക്കാരായ ജോലിക്കാർ വർദ്ധിച്ചിട്ടുള്ളത്.

(സി) വൻകിട കൺസ്ട്രക്ഷൻ കമ്പനികളാണ് തൊഴിലാളികളെ ജോലിക്ക് കൊണ്ടുവരുന്നത്. ഇവർ തൊഴിലാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷന് അപേക്ഷിക്കുന്ന സമയത്ത് സമർപ്പിക്കാറുണ്ട്. കൂടാതെ ഇത്തരം തൊഴിലാളികളുടെ കണക്ക് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതൊരു സാമൂഹിക പ്രശ്നമായി ഉയർന്നുവന്നിട്ടുണ്ടെന്ന് കരുതുന്നില്ല. കഠിനാദ്ധ്വാനം വേണ്ടിവരുന്ന ജോലികൾക്ക് കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ അയൽ സംസ്ഥാനങ്ങളിൽനിന്നും ലഭ്യമാണെന്നതാണ് ഇതിന്റെ മുഖ്യകാരണം. കുറെനാൾ ജോലി ചെയ്ത് ലഭിക്കുന്ന മിച്ച വേതനവുമായി അവർ മാതൃസംസ്ഥാനങ്ങളിലേക്ക് തിരികെ പോകുകയാണ് പൊതുവെ ചെയ്യുന്നത്. ടി തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങളും മിനിമം വേതനവും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം

57 [2926] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഇതുവരെ എത്ര രൂപ ചെലവഴിച്ചു; ഇതുവരെ എത്ര ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു;

(ബി) ഇനി എത്ര ഓഫീസുകൾ കൂടി ഈ സർക്കാരിന്റെ കാലത്ത് കമ്പ്യൂട്ടർവൽക്കരിക്കാനാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇതുവരെ 225 ലക്ഷം രൂപ ചെലവഴിച്ചു. രണ്ട് ഘട്ടങ്ങളിലായി 14 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. മൂന്നാംഘട്ടമായി 17 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) 2005.2006 വർഷത്തിൽ 180 ലക്ഷം രൂപ ഉപയോഗിച്ച്, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ 6 ജില്ലകളിലെ 24 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly